ഉത്തരം

(എ) അനുബന്ധം ഒന്നിൽ രേഖപ്പെടുത്തിയിരിക്കുന്നു.†

(ബി, സി) അനുബന്ധം 2-ൽ രേഖപ്പെടുത്തിയിരിക്കുന്നു.††

മന്ത്രിമാരുടെ വിദേശയാത്രകൾ

24. |24| ശ്രീ. ടി. എം. ജേക്കബ്:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ യാത്രകൾ നടത്തിയ മന്ത്രിമാർ ആരെല്ലാം; മുഖ്യമന്ത്രി വിദേശയാത്ര നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഓരോ മന്ത്രിയും എന്താവശ്യത്തിനുവേണ്ടിയാണ് വിദേശ രാജ്യങ്ങൾ സന്ദർശിച്ചത്, സന്ദർശിച്ച രാജ്യങ്ങൾ ഏതെല്ലാം;

(സി) മന്ത്രിമാർ വിദേശ രാജ്യങ്ങൾ സന്ദർശിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി വാങ്ങണം എന്ന നിബന്ധന നിലവിലുണ്ടോ;

(ഡി) വിദേശ യാത്ര നടത്തിയ മുഖ്യമന്ത്രിയും മന്ത്രിമാരും കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിട്ടുണ്ടോ;

(ഇ) ഓരോ മന്ത്രിയും വിദേശ യാത്രയ്ക്കായി ചെലവഴിച്ച തുക എത്ര എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവ്വശ്രീ. എം. വി. രാഘവൻ, കെ. എം. മാണി, ഡോ. എം. കെ. മുനീർ, ഡൊമനിക് പ്രസന്റേഷൻ, ഇ. ടി. മുഹമ്മദ് ബഷീർ, കുട്ടി അഹമ്മദ്കുട്ടി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വക്കം പുരുഷോത്തമൻ, ആര്യാടൻ മുഹമ്മദ്, എ. പി. അനിൽകുമാർ, കെ. സി. വേണുഗോപാൽ, എൻ. ശക്തൻ, ബാബു ദിവാകരൻ, വി. കെ. ഇബ്രാഹിംകുഞ്ഞ്, അടൂർ പ്രകാശ്, ശ്രീമതി. കെ. ആർ ഗൗരിഅമ്മ തുടങ്ങിയ മന്ത്രിമാരെ കൂടാതെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും വിദേശ യാത്ര നടത്തിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) വാങ്ങിയിട്ടുണ്ട്. ശ്രീ. അടൂർപ്രകാശിന്റെ 2005 സെപ്തംബർ മാസത്തിലെ ദോഹ, ഖത്തർ, ദുബായ്, യാത്രയ്ക്കും ശ്രീ. എം. വി. രാഘവന്റെ, ജപ്പാൻ, സിംഗപ്പൂർ യാത്രകളുടെയും അനുമതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

†, †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly